

# ജനപക്ഷ വാസ്തുശില്പിയുടെ സ്വപ്നസൗധങ്ങൾ

**അഞ്ചു സെന്റ് സ്ഥലം, അഞ്ചു കുട്ടികൾ, അൻപതിനായിരം രൂപ എന്നിങ്ങനെയുള്ള ഇന്ത്യൻ യാഥാർത്ഥ്യങ്ങൾക്കു മേലാണ് ജി. ശങ്കർ തന്റെ സ്വപ്നസൗധങ്ങൾ പടുത്തത്. അദ്ദേഹം രൂപം കൊടുത്ത ഹാബിറ്റാറ്റ് ഇന്ന് ദക്ഷിണേഷ്യയിലെ കെട്ടിട നിർമാണരംഗത്ത് ഏറ്റവും വലിയ സാന്നിദ്ധ്യമാണ്.**

"പൗലോ കൊയ്‌ലോയുടെ ഒരു വാചകമുണ്ട്- നിങ്ങളുടെ ജീവിതത്തിൽ ഒരു മാന്ത്രികനിമിഷമുണ്ടാകും. എപ്പോഴാണ് ആ നിമിഷം കടന്നുവരുന്നത് എന്നു പറയാൻ കഴിയില്ല. എപ്പോൾ വേണമെങ്കിലും, ഏതുരൂപത്തിലും അതു കടന്നുവരാം. ചിലപ്പോൾ അത് ഒരാളെ കണ്ടുമുട്ടുന്നതിലൂടെയാവാം, ഏതെങ്കിലും ഒരു കാര്യം കാണുന്നതിലൂടെയാവാം, ഒരു അവസരം കൈയെത്തിപ്പിടിക്കുന്നതിലൂടെയാവാം. ആ നിമിഷത്തെ കണ്ടെത്തുന്നവരാണ് ജീവിതത്തിൽ വിജയിക്കുന്നത്.

എന്റെ ജീവിതത്തിലുണ്ടായ മാന്ത്രികനിമിഷം ഏതെന്നു ചോദിച്ചാൽ അത് സർക്കാർ ജോലിയുടെ സുരക്ഷിതത്വം ഉപേക്ഷിച്ച് ഡൽഹിയിലേക്ക് വണ്ടികയറിയ ആ നിമിഷമാണെന്നു ഞാൻ പറയും. എന്നെ [illegible] ഡൽഹിയിലെ ജീവിതമാണ്."

ആർക്കിടെക്ചർ [illegible]

പ്പതൊന്നും കണ്ടും അറിഞ്ഞും വായിച്ചും യാത്രചെയ്തും രൂപപ്പെട്ട, ഒരു വ്യത്യസ്തമായ ജീവിതകഥയാണ് അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. തിരക്കിനിടയിലും സമയം കണ്ടെത്തി, തന്റെ കാഴ്ചപ്പാടുകളും അനുഭവങ്ങളും അദ്ദേഹം മലയാളം വാരികയുമായി പങ്കുവച്ചു.

മനസ്സിലിന്നും പച്ചപിടിച്ചു കിടക്കുന്ന കുട്ടിക്കാലത്തെ ചില ഓർമകളുണ്ട്. അതിലൊന്ന് പാലിയക്കര കൊട്ടാരമാണ്. അതൊരു ക്ഷയിച്ചു തുടങ്ങിയ കൊട്ടാരമാണ്. മറ്റൊന്ന് ബ്രഹ്മസ്വം മഠം വക ശ്രീരാമചന്ദ്രക്ഷേത്രമാണ്. ശക്തിയായി ഒന്നു പിടിച്ചാൽ പൊളിഞ്ഞു വീഴുമെന്നു തോന്നിപ്പിക്കുന്നത്ര പുരാതനമായ ഒരു ക്ഷേത്രം. എങ്കിലും ഇന്നുമുണ്ടത്. ഇവയുടെ പുരാണിക സൗന്ദര്യം എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്ന ഈ ബിംബങ്ങൾ ഭാവിയെക്കുറിച്ചുള്ള സൂചനകളും അന്നു തന്നെ തന്നിരുന്നുവെന്നു തോന്നുന്നു. ഞങ്ങൾ താമസിച്ചിരുന്നത് തിരുവല്ലായിൽ വെൺപാല എന്ന ഗ്രാമത്തിലായിരുന്നു. അക്ഷരാർത്ഥത്തിൽ അന്നതൊരു തുരുത്തായിരുന്നു. പിന്നീട് പാലം വന്നു. പുറംലോകത്തേയ്ക്ക് പാലം വന്നതോടെ സൗന്ദര്യം ഒന്നൊന്നായി ഇല്ലാതായി.

സ്കൂൾ വിദ്യാഭ്യാസം തിരുവല്ലായിലായിരുന്നു. അന്നും ഇന്നും കണക്ക് എന്റെ ഇഷ്ടവിഷയമായിരുന്നില്ല. പക്ഷേ, വിരോധാഭാസമെന്നു പറയട്ടെ, എപ്പോഴും നൂറിൽ നൂറു മാർക്ക് കിട്ടുന്നത് കണക്കിനായിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ പത്താം ക്ലാസിലെ കുട്ടികൾക്കുവേണ്ടി ബോർഡിൽ കണക്കുചെയ്യുമായിരുന്നു എന്റെ അദ്ധ്യാപകർ.

കളിയിൽ താൽപര്യമില്ലാത്ത ഒരു കുട്ടിയായിരുന്നു ഞാൻ. അക്ഷരങ്ങളുടെ വഴിയായിരുന്നു ഇഷ്ടം. ഓർമ്മയിലെ ആദ്യത്തെ വായന മലയാറ്റൂരിന്റെ 'വേരുകൾ' ആണ്. പിന്നെ എം. മുകുന്ദൻ, കാക്കനാടൻ എന്നിങ്ങനെ വായന വളർന്നു.

## ദൈവത്തിൽനിന്ന് മാറി നടന്ന കാലം

അസ്തിത്വവാദത്തിന്റെ നാളുകളായിരുന്നു അവ. സാർത്രിന്റേയും മറ്റും കൃതികളുടെ വിവർത്തനങ്ങളും വായിക്കാൻ അക്കാലത്ത് കഴിഞ്ഞു. ഏതാണ്ട് 13 വയസ്സെത്തിയപ്പോഴേക്കും ജീവിതം അർത്ഥരഹിതമാണെന്നൊക്കെയുള്ള തോന്നൽ ശക്തമായി. മരണം ഒബ്സെഷനായി കൊണ്ടുനടന്നു. നന്നായി പഠിക്കുമായിരുന്ന എനിക്ക് പഠനത്തിൽ തീരെ ശ്രദ്ധയില്ലാതായി. ഒന്നും പഠിക്കാതെ, ക്ലാസ്സിൽ കയറാതെ നടന്നു. ജീവിതംതന്നെ വ്യർത്ഥം. പിന്നെന്ത് ക്ലാസ്സും സ്കൂളും? അതായിരുന്നു ചിന്ത. ഭഗവദ്ഗീതയിലെ ഓരോ ശ്ലോകവും കാണാതെയറിയാമായിരുന്ന ഞാൻ തികഞ്ഞ അവിശ്വാസിയായി മാറി. (തനിയെ ദൈവത്തിൽനിന്നും മാറിനടന്നു)

പതുക്കെ പതുക്കെ, കമ്മ്യൂണിസത്തിലേക്ക് ആകൃഷ്ടനായി. ആ ആകർഷണമാണ്, സത്യത്തിൽ ഒരു തിരിച്ചുവരവിന് വഴിയൊരുക്കിയത്. വീണ്ടും പഠിപ്പിലേക്കും യഥാർത്ഥ ലോകത്തിലേക്കും തിരിച്ചുവന്നു. നല്ല മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായി. പ്രീഡിഗ്രിക്കുശേഷം ഇംഗ്ലീഷ് സാഹിത്യം പഠിക്കണമെന്നുണ്ടായിരുന്നെങ്കിലും വീട്ടിൽനിന്ന് അനുവാദം കിട്ടിയില്ല. തിരുവനന്തപുരത്ത് എഞ്ചിനീയറിങ് കോളേജിൽ ചേർന്ന് ബി.ആർക്ക് പഠിച്ചു. അപ്പോഴേക്കും തിരുവനന്തപുരത്തേക്ക് കുടുംബം താമസം മാറ്റിയിരുന്നു.

എഞ്ചിനീയറിങ് കോളേജിൽ ചേർന്ന ആദ്യ ദിവസം പൊടുന്നനേ അച്ഛൻ മരിച്ചു. തീർത്തും അപ്രതീക്ഷിതമായ ആഘാതമായിരുന്നു അത്. (ആഫ്രിക്കയിലെ ടാങ്കനിക്കയിൽ ഗവൺമെന്റ് സർവീസിൽ ജോലി ചെയ്തിരുന്നയാളാണ് അച്ഛൻ ടി.എൻ. ഗോപാലൻ നായർ) സാമ്പത്തിക [illegible] ബുദ്ധിമുട്ടുകൾ അലട്ടാൻ തുടങ്ങ[illegible]ബത്തെ കരകയറ്റാനായി അമ്മ (രാധ ജി. നായർ) നാൽപതാം വയസ്സിൽ ഒരു ട്യൂട്ടോറിയൽ കോളേജിൽ ജോലിക്കു കയറി. ആ സമയത്ത് ചേച്ചി എം.എസ്.സി.ക്കും ഞാൻ എഞ്ചിനീയറിങ്ങിനും അനിയൻ പത്താം ക്ലാസ്സിലും പഠിക്കുകയാണ്. പറഞ്ഞറിയിക്കാനാവാത്ത കഷ്ടപ്പാടുകളാണ് അമ്മ ഞങ്ങൾക്കുവേണ്ടി അനുഭവിച്ചത്. വെളുപ്പിന് മൂന്നു മണിക്കുണർന്ന് ഞങ്ങൾക്ക് ഭക്ഷണമുണ്ടാക്കിവച്ച ശേഷമാണ് അമ്മ ജോലിക്കു പോവുക. രാത്രി ഏഴുമണിവരെ ക്ലാസ്സുണ്ടാവും. ട്യൂട്ടോറിയൽ കോളേജുകളിൽ അന്നൊക്കെ കൂടുതലും പഠിക്കുന്നത് മുതിർന്ന ആൾക്കാരാണ്. തോറ്റു തോറ്റു പഠിക്കുന്നവർ. ഇവരെയൊക്കെ നിയന്ത്രിക്കുക എന്നത് ശ്രമകരമായ കാര്യമായിരുന്നു. എഞ്ചിനീയറിങ് പാസ്സായി ഇറങ്ങുന്ന ദിവസം അമ്മയെ ഈ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കും എന്ന് അന്നേ ഞാൻ തീരുമാനിച്ചു. കോളേജിൽ പഠനത്തോടൊപ്പം രാഷ്ട്രീയ പ്രവർത്തനവുമുണ്ടായിരുന്നു. കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ ആദ്യമായി എസ്.എഫ്.ഐ. യൂണിറ്റുണ്ടാക്കിയത് ഞങ്ങൾ നാലുപേർ ചേർന്നായിരുന്നു. എഴുപതുകളിലായിരുന്നു അത്. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി എന്നാൽ തലവെട്ടിപ്പാർട്ടിയെന്നാണ് കരുതപ്പെട്ടിരുന്നത്. അതുകൊണ്ട് പെൺകുട്ടികളൊന്നും ഞങ്ങളോട് മിണ്ടുമായിരുന്നില്ല. സാമൂഹ്യവിരുദ്ധരെന്നപോലെയാണ് ഞങ്ങളെ എല്ലാവരും കണ്ടിരുന്നത്. സംസ്കാര എന്നൊരു സാംസ്കാരിക സംഘടനയും ഞങ്ങളുണ്ടാക്കി. ഇതെല്ലാം ഞങ്ങളെ അദ്ധ്യാപകരുടെ നോട്ടപ്പുള്ളികളാക്കി.


സുനാമി ബാധിതർക്കായി അഴീക്കലിൽ തീർത്ത വീടുകൾ

അതിന്റെ ഫലം അനുഭവിക്കുകയും ചെയ്തു.

അവസാനവർഷ പരീക്ഷക്കാലത്ത് അധ്യാപകർക്ക് വിദ്യാർത്ഥികളെ കൈയിൽ കിട്ടും. ഡിസെർട്ടേഷൻ സബ്മിറ്റ് ചെയ്യുമ്പോഴാണ് അത്. ഇഷ്ടമില്ലാത്ത വിദ്യാർത്ഥികൾക്ക് മാർക്ക് കുറയ്ക്കുവാൻ അധ്യാപകർ ആ അവസരം വിനിയോഗിക്കും. എന്റെ ഡിസെർട്ടേഷൻ കാശിനു കൊള്ളാത്തതാണെന്നും അതു പരിശോധിക്കേണ്ട കാര്യം തന്നെയില്ലെന്നും ആറുമാസം എന്റെ ഗൈഡ് കൂടിയായിരുന്ന അധ്യാപകൻ പരിശോധകനോടു പറഞ്ഞു. കേട്ടുനിന്ന എന്റെ കണ്ണുകൾ നി[illegible]ുപോയി. ഞാനദ്ദേഹത്തോടു പ[illegible] look sir, this is my six months of sweat, tears and blood. വിൻസ്റ്റൻ ചർച്ചിലിന്റെ വാക്കുകൾ കടമെടുത്തുകൊണ്ടാണ് ഞാനതു പറഞ്ഞത്. ശരിയായ മൂല്യനിർണ്ണയം എന്റെ അവകാശമാണെന്ന് അവരോട് വാദിച്ചു.

ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലും സഹിക്കാനാവാത്ത വേദന എന്നെ പിടികൂടി. ദുഃഖം സഹിക്കാനാവാതെ ആത്മഹത്യ ചെയ്യാൻ ഞാൻ തീരുമാനിച്ചു. പേട്ട റെയിൽവേസ്റ്റേഷനടുത്തുള്ള വളവിലേക്ക് ഞാൻ നടന്നു, ട്രെയിനിനു തലവയ്ക്കുക എന്ന ലക്ഷ്യവുമായി. ഇന്നലെപ്പോലെയായിരുന്നു പോക്ക്. നന്നായി മദ്യപിച്ചിട്ടുണ്ട്, ചെരിപ്പില്ല, കണ്ണാടിപോലുമില്ല.

എന്റെ സഹപാഠികളായ ചില പെൺകുട്ടികൾ ഈ കാഴ്ച കണ്ടു. ഇങ്ങനെയൊരു ഭാവത്തിൽ അതിനുമുൻപ് അവരെന്നെ കണ്ടിട്ടില്ല. ആകെയൊരു പന്തികേട്. ആൾക്കൂട്ടത്തിൽ. അവിടെ അടുത്തു താമസിച്ചിരുന്ന സൂസൻ എന്ന കുട്ടിയുടെ വീട്ടിലേക്ക് അവരെന്നെ കൂട്ടിക്കൊണ്ടുപോയി. സൂത്രത്തിൽ ഒരു മുറിയിൽ കയറ്റി പുറത്തുനിന്ന് പൂട്ടി. അത്രയേ എനിക്കോർമ്മയുള്ളൂ. അതിനകത്തു കിടന്ന് ഒരുപാടു ബഹളമുണ്ടാക്കി എന്ന് പിന്നീടറിയാൻ കഴിഞ്ഞു. രാത്രി മുഴുവൻ അവർ മുറിക്കു പുറത്ത് കാവലു കിടക്കുകയായിരുന്നു!

റിസൽട്ട് വന്നപ്പോൾ എല്ലാവരും പാസ്സായി. എനിക്ക് രണ്ടാം റാങ്കും. ജയിക്കാൻ വേണ്ട ഏറ്റവും കുറഞ്ഞ മാർക്കാണ് ഡിസർട്ടേഷന് ഉണ്ടായിരുന്നത്. അന്ന് പി. ഗോവിന്ദപ്പിള്ള സാറുമായി നല്ല അടുപ്പത്തിലാണ്. എന്റെ തീസിസ് സാറിനു കാണണമെന്നു പറഞ്ഞതുകൊണ്ട് ഞാനതിനായി രണ്ടാഴ്ച കഴിഞ്ഞ് കോളേജിലെത്തി. അതു കത്തിച്ചുകളഞ്ഞു എന്ന മറുപടിയാണ് കോളേജിൽനിന്നും കിട്ടിയത്. വല്ലാത്തൊരു തരം വാശി അതെന്നിലുണ്ടാക്കി. എന്നും ഒന്നാമനായി നിൽക്കണമെന്ന ആഗ്രഹം എന്നിലുണ്ടായിരുന്നു. അപമാനം ഈ ആഗ്രഹത്തെ ശക്തിപ്പെടുത്തി. ചെഗുവേരയുടെ വാക്കുകൾ എനിക്ക് എന്നും പ്രചോദനമായിട്ടുണ്ട്- Highest technical qualification blended with revolutionary aspirations makes the best of men- ഈ വാക്കുകൾ എന്നെ മുന്നോട്ടു നയിച്ചു.

എന്റെ രാഷ്ട്രീയ വിശ്വാസങ്ങളുടെ ഭാഗമായാണ് ജനപക്ഷ ആർക്കിടെക്ച്ചർ എന്ന മോഹം എന്റെ ഉള്ളിലുണ്ടായത്. എഞ്ചിനീയറിങ് കോളേജിലെ പഠിത്തം നിരാശാജനകമായിരുന്നു. ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ആർക്കിടെക്ചറായിരുന്നു അവിടെ പഠിപ്പിച്ചിരുന്നത്. എക്സസ് വിക്ടോറിയൻ, കൊറിന്ത്യൻ ആർക്കിടെക്ചറുകൾ എന്നിവകൊണ്ട് ഇവിടെ ആർക്കെന്തു പ്രയോജനം? ഞാൻ മനസ്സിലാക്കിയേടത്തോളം ഭാരതത്തിന്റെ യാഥാർത്ഥ്യം എന്നാൽ, അഞ്ചുസെന്റു സ്ഥലം, അഞ്ചു കുട്ടികൾ അൻപതിനായിരം രൂപ എന്നിവയാണ്. അവർക്കെങ്ങനെ വീടുവച്ചു കൊടുക്കാം എന്നാണ് ഞാൻ ചിന്തിച്ചത്. പഠിച്ചിറങ്ങിയതിന്റെ പിറ്റേദിവസം ഹൗസിങ് ബോർഡിൽ ജോലിക്കു കയറി. താൽക്കാലിക നിയമനമായിരുന്നു അത്. നാലഞ്ചുമാസം അവിടെ ജോലി ചെയ്തു.

ആ സമയത്ത് ചേച്ചി വിവാഹിതയായി ഡൽഹിയിൽ താമസമാക്കിയിരുന്നു. ചേച്ചിയുടെ വീട്ടിലേക്ക് അമ്മയോടൊപ്പം ഞാനും ഡൽഹിക്കു തിരിച്ചു. ഹൗസിങ് ബോർഡിലെ ജോലി രാജിവച്ചശേഷമായിരുന്നു ആ യാത്ര. സർക്കാർ ജോലിയുടെ സുരക്ഷിതത്വവും സമാധാനവും ഉപേക്ഷിച്ച് അനിശ്ചിതത്വത്തിലേക്കുള്ള യാത്രയായിരുന്നു, അത്. അമ്മയെ നോക്കണം, അനിയനെ പഠിപ്പിക്കണം എന്നൊക്കെയുള്ള ഉത്തരവാദിത്തങ്ങൾ ഉള്ളപ്പോഴായിരുന്നു ഉള്ള ജോലി വലിച്ചെറിഞ്ഞ് വിവരം അമ്മയോടു പോലും പറയാതെയുള്ള യാത്ര.

ആ യാത്ര എന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ചേച്ചിയെ വീട്ടിൽ കൊണ്ടാക്കിയശേഷം ജോലി തേടിയിറങ്ങിയ എനിക്ക് രണ്ട് മണിക്കൂറിനുള്ളിൽ ഒരു ജോലി തരപ്പെട്ടു.

ഡൽഹിക്കു പോകുമ്പോൾത്തന്നെ തീരുമാനിച്ചിരുന്നു, ആർക്കിടെക്ചറിന്റെ മറുവശം ഞാൻ മനസ്സിലാക്കും എന്ന്. രണ്ടുമൂന്ന് വർഷങ്ങൾകൊണ്ട് ഭാരതീയ വാസ്തുവിദ്യയുടെ നികൃഷ്ടമായ, ഭീകരമായ മുഖങ്ങൾ പഠിക്കാൻ കഴിഞ്ഞു. അതിൽ നടക്കുന്ന വാണിജ്യവൽക്കരണം കാണാൻ കഴിഞ്ഞു. ഇതൊക്കെ മനസ്സിലാക്കിയശേഷം ഞാൻ കേരളത്തിലേക്ക് തിരിച്ചുവന്നു. സാമ്പത്തികമായ സുരക്ഷിതത്വം അപ്പോഴുമില്ല എന്നാലും. എന്തുവന്നാലും ജനപക്ഷ ആർക്കിടെക്ചറിനോടൊപ്പം മാത്രമേ നിൽക്കു എന്ന് തീർച്ചപ്പെടുത്തിയിരുന്നു. എന്നെ ആവശ്യമുള്ള ഒരാളെങ്കിലും ഉണ്ടാവുമെന്ന് എനിക്കുറപ്പായിരുന്നു. നീഷേയുടെ പ്രശസ്തമായ ഒരു വാചകമുണ്ട്. Between one and none there is infinity ഒന്നിനും പൂജ്യത്തിനുമിടയ്ക്കുള്ള ദൂരം വളരെ അനന്തമാണ്. എന്നെ വിശ്വസിക്കുന്ന, എന്റെ ടെക്നോളജിയെ വിശ്വസിക്കുന്ന, ഒരാൾ വരും. ആ 'ഒരാളെ' ഞാൻ കാത്തിരുന്നു.

ആ കാത്തിരിപ്പിനിടയിലാണ് ജേർണലിസം പഠിക്കാൻ തീരുമാനിച്ചത്. ആ സമയത്ത് ജീവിതം കുത്തഴിഞ്ഞു. അതിൽനിന്നും കരകയറാൻ ശ്രമിച്ചതിന്റെ ഭാഗമായാണ് ജേർണലിസം പഠിച്ചത്. ഒന്നാം റാങ്കോടെ ജേർണലിസം പാസ്സായി.

ജേർണലിസം പഠിച്ചു കഴിയുന്നതിനു മുൻപു തന്നെ കാത്തിരുന്ന ആ 'ഒരാൾ' വന്നു. കാനറാ ബാങ്കിൽ ജോലിയുള്ള ഫിലിപ്പ് എന്നൊരു കൂട്ടുകാരനായിരുന്നു അത്. നീ എനിക്കൊരു വീടു വച്ചുതരണം. എന്നവൻ പറഞ്ഞു. നിന്നെക്കൊണ്ടുമാത്രമേ വയ്പിക്കുകയുള്ളൂ എന്നും പറഞ്ഞു.

ഫിലിപ്പിന്റേതുൾപ്പെടെ ആദ്യവർഷം 13 കെട്ടിടങ്ങൾവച്ചു. കേരളത്തിലങ്ങോളമിങ്ങോളം. ആ കാലത്തെപ്പറ്റിയോർക്കുമ്പോൾ ഇന്നും എന്റെ കണ്ണുനിറയും. കേരളത്തിൽ ഞാൻ കിടന്നുറങ്ങാത്ത ഒരൊറ്റ റെയിൽവേ സ്റ്റേഷനും ബസ് സ്റ്റേഷനും ഇല്ല. രാത്രിയാണ് ട്രെയിനിൽ കയറുക. കിടക്കാമല്ലോ എന്നു കരുതിയിട്ടാണത്. അർദ്ധരാത്രിയിലാണ് ചെന്നെത്തുന്നതെങ്കിൽ [illegible] നി

വർത്തിയിട്ട് അതിൽ കിടന്നുറങ്ങും. നേരം വെളുക്കുമ്പോൾ എഴുന്നേറ്റ് സൈറ്റിലേക്കു നടക്കും.

അങ്ങനെയായിരുന്നു ആദ്യകാലം. പിന്നെ പതിമൂന്ന് അൻപതായി. അൻപത് 250 ആയി... ഇപ്പോൾ ഒരു ദിവസം ഏകദേശം അഞ്ചു കെട്ടിടങ്ങളോളം ഞാൻ വരയ്ക്കുന്നു. 1990-ൽ ഇംഗ്ലണ്ടിലെ ബർമിങ്ഹാം സ്കൂൾ ഓഫ് ആർക്കിടെക്ചറിൽനിന്നും എം.എസ്. ഒന്നാം റാങ്കോടെ പാസായി. സ്ഥാപനത്തിന്റെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ മാർക്ക് ഇപ്പോഴും അതുതന്നെയാണ്.

## ലാറി ബേക്കർ

എന്റെ മനസ്സിൽ എന്നുമൊരു ഹരിതസാന്നിധ്യമായി നിറഞ്ഞുനിൽക്കുന്ന, യാളാണ് ലാറി ബേക്കർ. അദ്ദേഹവുമായി വളരെയൊന്നും അടുപ്പം എനിക്കുണ്ടായിരുന്നില്ല. അകലെനിന്നുള്ള ആരാധനയായിരുന്നു അത്. അദ്ദേഹം നടന്ന വഴിയിലൂടെ നടക്കാൻ ശ്രമിക്കുന്ന ഒരാളാണ് ഞാൻ. അതിരറ്റ ആദരവാണ് എനിക്കദ്ദേഹത്തോടുള്ളത്. ആർക്കിടെക്റ്റ് എന്ന നിലയിൽ മാത്രമല്ല, മനുഷ്യൻ എന്ന നിലയിലും. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തക്കേടില്ലാത്ത, ഞാൻ കണ്ടിട്ടുള്ള ഏക വ്യക്തി ലാറി ബേക്കറാണ്. സ്വന്തം ലാളിത്യത്തിന്റെ സ്റ്റേറ്റ്മെന്റുകളാണ് അദ്ദേഹം കല്പന ചെയ്യുന്ന ഓരോ കെട്ടിടവും. ആ സൃഷ്ടികൾ കൈെത്തന്നെ എനിക്കൊരുപാട് ഊർജ്ജം പകർന്നുതന്നിട്ടുണ്ട്. ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഞാൻ ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹത്തെപ്പോലൊരാളെ ഞാൻ വേറെ കണ്ടിട്ടില്ല.

## ഹാബിറ്റാറ്റ്

**1987-ൽ** ഹാബിറ്റാറ്റ് ടെക്നോളജി എന്നൊരു സന്നദ്ധസംഘടന തുടങ്ങി. ഒരു കൊച്ചു മുറിയിലാണതു തുടങ്ങിയത്. ഒരാൾ മാത്രമാണ് അന്ന് കൂടെയുണ്ടായിരുന്നത്. ഇന്ന് ദക്ഷിണേഷ്യയിൽ കെട്ടിടനിർമ്മാണരംഗത്തെ ഏറ്റവും വലിയ സന്നദ്ധ സംഘടന ഹാബിറ്റാറ്റ് ആണ്. ഏകദേശം മുപ്പത്തിനാല് ഓഫീസുകൾ. നാലു വിദേശ രാജ്യങ്ങളിലെ സാന്നിധ്യം. ഐക്യരാഷ്ട്രസഭയുടെ അംഗീകാരം കൈയുള്ള വലിയൊരു സ്ഥാപനമാണ് ഇന്ന് ഹാബിറ്റാറ്റ്.

8-10 ലക്ഷം രൂപയില്ലാതെ വീടുപണി തുടങ്ങാൻ ആളുകൾ ധൈര്യപ്പെടാതിരുന്ന കാലത്താണ് പുതിയ ആശയങ്ങളുമായി ഹാബിറ്റാറ്റ് രംഗത്തെത്തിയത്. കാറ്റിനെ ഉള്ളിലേക്കാവാഹിച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് ഹാബിറ്റാറ്റിന്റേത്. കഴിയുന്നതും നാടൻ സാധനങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് നിർമ്മാണം. ഓരോരുത്തരുടേയും ആവശ്യങ്ങൾ തൊട്ടറിഞ്ഞുകൊണ്ടുള്ള വീടുകളാണ് ഡിസൈൻ ചെയ്യുന്നത്. കൂടുതൽ ആവശ്യങ്ങളുണ്ടാകുമ്പോൾ, കൂടുതൽ വെല്ലുവിളികളുണ്ടാകുന്നു. അപ്പോൾ കെട്ടിടങ്ങൾ കൂടുതൽ നന്നാവുന്നു. ഉദാ



ഹരണത്തിന് പാട്ടുപാടാനുള്ള സ്ഥലം, പാട്ടുകേൾക്കാനുള്ള സ്ഥലം, സ്വപ്നം കാണാനുള്ള സ്ഥലം എന്നിങ്ങനെയുള്ള വൈവിധ്യങ്ങൾ. അഴികളില്ലാത്ത ജനാലകൾ. മതിലുകളില്ലാത്ത, ഭിത്തികളെല്ലാം അലിഞ്ഞു പോകുന്ന വീടുകൾ. പ്രകൃതിയുമായി പരമാവധി ഇണങ്ങിച്ചേരുന്ന വീടുകൾ രൂപകൽപ്പന ചെയ്യുന്നതിലേക്ക് ഹാബിറ്റാറ്റ് വളർന്നുവരികയാണ്. അചേതനമായ വീടുകൾക്ക് സചേതനമായ ഒരു ആത്മാവുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് നോവിക്കാതെയുള്ള ആർക്കിടെക്ചർ എന്നു ഞാൻ പറയുന്നത്. ഞാൻ ഇപ്പോൾ താമസിക്കുന്ന വീടിന്റെ മധ്യഭാഗത്ത് ഒരു മുല്ലവള്ളി നിൽപുണ്ട്. അതിനെ തൊടാതെ വളച്ചാക്കിയാണ് വീട് ഡിസൈൻ ചെയ്തിരിക്കുന്നത്. ഉപദ്രവിക്കാത്തതിന്റെ നന്ദിയെന്നോണം ധാരാളം പൂക്കളുമായി നിറഞ്ഞ ചിരിയോടെയാണ് അതിന്റെ നിൽപ്പ്. ഇതൊക്കെ വെറും റൊമാന്റിക് സങ്കൽപ്പങ്ങളല്ല. അക്ഷരാർത്ഥത്തിൽ തന്നെ നമുക്ക് കണ്ടറിയാവുന്ന കാര്യങ്ങളാണ്. നിലാവുള്ള രാത്രികളിൽ വീടുകൾ പറന്നുയർന്ന് കുന്നിൻമുകളിൽ ചെന്നിരിക്കുന്നുവെന്ന ഖലീൽ ജിബ്രാന്റെ വരികൾ എന്നെ വല്ലാതെ മോഹിപ്പിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ആദ്യത്തെ ചെലവു കുറഞ്ഞ വീടുകളുടെ ടൗൺഷിപ്പ്- 600 വീടുകൾ ഉൾപ്പെട്ടത്- നിർമ്മിച്ചത് ഹാബിറ്റാറ്റ് ആണ്. ഇന്ത്യയിലെ പത്തു സംസ്ഥാനങ്ങളിൽ ഹാബിറ്റാറ്റിന്റെ സ്ഥിരസാന്നിധ്യമുണ്ട്. വൈവിധ്യമാർന്ന പ്രോജക്റ്റുകൾ ചെയ്തിട്ടുണ്ട്. ബംഗാളിലെ ഹരേ രാമ ഹരേ കൃഷ്ണ പ്രസ്ഥാനത്തിന്റെ ആസ്ഥാനം, ഭോപ്പാലിൽ പത്രപ്രവർത്തകർക്കുള്ള ഹൗസിങ് കോളനി, അനാഥാലയങ്ങൾ, കോളേജുകൾ, സ്കൂളുകൾ, മഹാരാഷ്ട്രയിൽ മീൻപിടുത്തക്കാർക്കുള്ള സങ്കേതങ്ങൾ എന്നിങ്ങനെ അനേകം കെട്ടിടങ്ങൾ ഹാബിറ്റാറ്റ് ചെയ്തിട്ടുണ്ട്. ഏറ്റവുമൊടുവിൽ ബാംഗ്ലൂരിൽ വൃദ്ധജനങ്ങൾക്കായുള്ള ഒരു കുഞ്ഞുനഗരം രൂപകൽപന ചെയ്തു. 25000 ഭവനങ്ങൾ ഇന്ത്യയിൽതന്നെ ചെയ്തിട്ടുണ്ട്. ലോകത്തിലേറ്റവും വലിയ മൺകെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു എന്ന സന്തോഷവുമുണ്ട്. പാവപ്പെട്ടവർക്ക് വീടുകൾ അപ്രാപ്യമല്ല എന്നും കൈനീട്ടിയാലെത്തിപ്പിടിക്കാവുന്ന സ്വപ്നമാണെന്നും ഹാബിറ്റാറ്റ് തെളിയിച്ചിട്ടുണ്ട്.

## ദുരന്തങ്ങളുടെ കൂടെ

**ഭോപ്പാൽ** ഗ്യാസ് ദുരന്തം മുതൽ ദുരിതങ്ങളുടെ സഹയാത്രികനായിരുന്നുവെന്ന് പറയാം. ലത്തൂരിൽ, ഗുജറാത്തിൽ ഒക്കെ ദുരന്തങ്ങൾക്കിരയായവർക്കുവേണ്ടി ജോലി ചെയ്തു. പല സ്ഥലങ്ങളിലും സ്കൂളുകൾ, വ്യവസായങ്ങൾ തുടങ്ങി ആയിരക്കണക്കിനു കെട്ടിടങ്ങൾ പണിതു. പുനർനിർമ്മാണം ഉൾപ്പെടെ. സുനാമിയുടെ കെടുതികൾ അനുഭവിച്ചവർക്കുവേണ്ടി ഇന്ത്യയുടെ തീരപ്രദേശങ്ങൾ മുഴുവൻ വീടുകൾ നിർമ്മിച്ചു. ശ്രീലങ്കയിൽ 95,000 വീടുകളുടെ പുനരധിവാസം നടത്തി. മാലിദ്വീപുക

ളിലും ഇന്തോനേഷ്യയിലും ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളിൽ ഹാബിറ്റാറ്റ് പങ്കാളിയായിരുന്നു. കേരളത്തിലെ ഇതുകിയ പ്രതിരോധത്തിന്റെ ആദ്യനടപടി ഹാബിറ്റാറ്റിൽനിന്നുമായിരുന്നു. സുനാമി ദുരന്തം നേരിടാനായി ദേശീയ ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാനായി സേവനമനുഷ്ഠിച്ചു.

ആഗോളീകരണത്തെ ചെറുത്തുനിൽക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മണ്ണു കൊണ്ടുള്ള നാടൻ കെട്ടിടങ്ങൾ. നമ്മുടെ നാട്ടിലെ നാടൻ മേസ്തിരിമാർക്കു ചെയ്യാവുന്ന നാടൻ സാധനങ്ങൾ കൊണ്ടുള്ള വീടുകൾ. ഇത്തരം പ്രതിരോധങ്ങളില്ലെങ്കിൽ നമ്മുടെ കെട്ടിടനിർമ്മാണ മേഖലപോലും അവർ റാഞ്ചിക്കൊണ്ടുപോകും. സിൻടെക്സ് ടാങ്കുകളും ഫാബ്രിക് ഡോറുകളുമായി നമ്മുടെ വീടുകളിലേക്ക് ആഗോളീകരണം കടന്നുവരികയാണ്. നമ്മുടെ നാടൻ വാസ്തുശാസ്ത്രത്തിൽ കാലുറപ്പിച്ചുകൊണ്ടുള്ള ഒരു ചെറുത്തുനിൽപ്പാണ് നമുക്കിന്നാവശ്യം.

നിർഭാഗ്യവശാൽ, മലയാളിക്ക് വീട് അധികാരത്തിന്റെ ചിഹ്നമാണ്. വീടുകളിലൂടെ അവർ എന്തോ പറയാനായി ശ്രമിക്കുന്നു. അമ്മയുടെ മടിത്തട്ടുപോലെയായിരിക്കണം വീട്. അത് നമ്മുടെ അഭയസ്ഥലമാണ്. ജീവിതത്തിന്റെ തത്രപ്പാടുകളിൽനിന്നും രക്ഷനേടാനുള്ള ഇടം.

1970-കളുടെ അവസാനം, 80-കളുടെ ആദ്യം കേരളത്തിലെ നിർമ്മാണമേഖലയിൽ പെട്ടെന്നൊരു കുതിച്ചുചാട്ടമുണ്ടായി. അന്യനാടുകളിലേക്ക് ഒരുപാടുപേർ കുടിയേറിയ സമയമായിരുന്നു അത്. അവർ കൂട്ടത്തോടെ വീടുകൾ വച്ചു. ഈ കെട്ടിടങ്ങളെല്ലാം കേരളത്തിന്റെ പ്രകൃതിയെ വികൃതമാക്കി. അവ കേരളത്തിന്റെ കണ്ണുനീർപ്പാടുകളാണ്. തുടങ്ങിവച്ച വീടുകൾ തീർക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. അതൊക്കെ കേരളത്തിൽ ഭീകരമായ ഒരു അസന്തുലിതാവസ്ഥ സൃഷ്ടിച്ചു. നിരാകരണത്തിനെതിരായ ചെറുത്തുനിൽപായിരുന്നു ഹാബിറ്റാറ്റിന്റേത്. കെട്ടിടനിർമ്മാണ മേഖലയിലെ വാണിജ്യവൽക്കരണം ഭീകരമായിരുന്നു. കെട്ടിടാവശ്യങ്ങൾക്കുള്ള അവശ്യസാധനങ്ങളുടെ വില കുത്തനെ കൂടി. പാവപ്പെട്ടവന് അപ്രാപ്യമായ നിലയിലേക്ക് വീടുകൾ മാറി. അതിനെതിരായ പ്രതിരോധപ്രസ്ഥാനമായിരുന്നു ചെലവു കുറഞ്ഞ വീടുകൾ. നാലു ചുവരിന്റെ സുരക്ഷിതത്വം മാത്രമല്ല വീട്. വീടെന്നത് ചുറ്റുമുള്ള പറമ്പും പ്രകൃതിയും കൂടി ചേർന്ന ഒരു ഇക്കോസിസ്റ്റത്തിന്റെ ഭാഗമാണ്. വീടെന്നത് ആകാശം മാത്രമല്ല, മരങ്ങളും മണ്ണും എല്ലാം ചേർന്നതാണ്. മലയാളിക്ക് മണ്ണിനോടുള്ള ബന്ധം പ്രസിദ്ധമാണ്. മരം വെട്ടുന്നതിനുമുമ്പ് അനുവാദം ചോദിച്ചവനാണ് മലയാളി. എത്ര പെട്ടെന്നാണ് അവൻ ക്രൂരനായി മാറിയത്. ആ ക്രൂരതയ്ക്ക് ഒരുപാട് ഉദാഹരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

പെട്ടെന്നു പണക്കാരാവുകയും നാട്ടിൽ മാന്യത കിട്ടാൻ ശ്രമിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് ഇത്തരം അധികവ്യയങ്ങൾ ഉണ്ടാവുന്നത്. അതിനെതിരെയുള്ള ബോധവൽക്കരണ പ്രക്രിയയിൽനിന്നാണ് ഹാബിറ്റാറ്റിന്റെ ജനനം. കേരളത്തിൽ ചെലവുകുറഞ്ഞ വീടുകൾ എന്ന ആശയത്തെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചത് ബനഡിക്ട് മാർ ഗ്രിഗോറിയസ്, സി. അച്യുതമേനോൻ എന്നിവരാണ്. ലാറി ബേക്കറിനെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായായിരുന്നു അത്.

എങ്കിലും, ഇന്നും ഈ രംഗം ധാരാളം വെല്ലുവിളികൾ നേരിടുന്നു. മാർബിളിനേയും ഗ്രാനൈറ്റിനേയും തേക്കുതടിയേയും നിരാകരിക്കുമ്പോൾ, തറയോടിനുവേണ്ടി പറയുമ്പോൾ, മണ്ണിനുവേണ്ടി വാദിക്കുമ്പോൾ, വലിയൊരു വിഭാഗം ആൾക്കാർ ശത്രുക്കളായി മാറുകയാണ്.

## വാസ്തുവിനെപ്പറ്റി

ഒരു വീടുവയ്ക്കണമെന്ന ആഗ്രഹവുമായി ബന്ധപ്പെട്ടവരെ ആശ്രയിക്കുമ്പോൾ സാധാരണ ജനം ചൂഷണം ചെയ്യപ്പെടുന്നു.

മലയാളിക്ക് തീർത്തും അന്യമായ സങ്കൽപം തന്നെയാണ് ഫ്ലാറ്റ് സമ്പ്രദായം. മണ്ണിന്റേയും പച്ചപ്പിന്റേയും തണുപ്പ് മലയാളിയുടെ സംസ്കൃതിയുടെ ഭാഗം മാത്രമല്ല, ജൈവസാന്നിദ്ധ്യം കൂടിയാണ്. അതിൽനിന്നൊക്കെ അകന്നുനിൽക്കുന്നതിനു ന്യായമായി പറയുന്നത് സുരക്ഷിതത്വമാണ്. വിദേശരാജ്യങ്ങളിൽ സാമൂഹ്യവിരുദ്ധകേന്ദ്രങ്ങളായി ഫ്ലാറ്റുകൾ പലതും മാറുന്നു. മലയാളിയും അത് അനുകരിക്കാൻ തുടങ്ങുകയാണ്.

വാസ്തുവിൽ ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നില്ല. അതിന്റെ ശാസ്ത്രീയതയെ ഞാൻ അംഗീകരിക്കുന്നു. മതപരമായതിനെ എതിർക്കുന്നു. കാറ്റിന്റെ വഴി, വെളിച്ചത്തിന്റെ വഴി എന്നിവയെ അംഗീകരിക്കുന്നു.

പക്ഷേ, മരണച്ചുറ്റുപോലെയുള്ള ഭീഷണിയുടെ മുൾമുനയിൽ ആളുകളെ നിർത്തുന്നതിനോട് എനിക്കെതിർപ്പാണ്. ഭീഷണിയും അന്ധവിശ്വാസവും വാസ്തുവിന്റെ പേരിൽ വളർന്നുവരുന്നു. വൃത്തികെട്ട ഒരു വാണിജ്യവൽക്കരണം. ഫ്ലാറ്റിനു വാസ്തു. വെയർ ഹൗസിനു വാസ്തു. ഇതിൽ സത്യമെവിടെയെന്നറിയാതെ സാധാരണക്കാർ പകച്ചു നിൽക്കുകയാണ്. ചൈനീസ് വാസ്തു കേരളത്തിലെന്തിനാണ്?

ചൈനയുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുസൃതമായ വാസ്തു കേരളത്തിലെന്തിനാണ്. മതത്തിന്റെ ഭീഷണിയില്ലാത്തതാവണം വാസ്തു. മലയാളികൾ അവിശ്വാസത്തിൽനിന്നും വിശ്വാസത്തിലേയ്ക്കും വിശ്വാസത്തിൽനിന്നും അമിതവിശ്വാസത്തിലേയ്ക്കും അതിൽനിന്നും പൂർണ്ണനിരാകരണത്തിലേക്കും പോകും എന്നാണ് ഞാൻ കരുതുന്നത്.

## പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ

പ്രകൃതിക്കനുസൃതമായ, ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന ശങ്കറിനെ അനേകം പുരസ്കാരങ്ങൾ തേടിയെത്തിയിട്ടുണ്ട്. ചേരികളുടെ പുനരുദ്ധാരണം മുൻനിർത്തി ഇന്ത്യാഗവൺമെന്റ് നൽകിയ ദേശീയപുരസ്കാരം, 2006-ാമാണ്ടിലെ ഇന്ത്യാവിഷന്റെ മാൻ ഓഫ് ദ ഇയർ അവാർഡ് എന്നിവയാണ് അവയിൽ പ്രധാനം. 1999 ഐക്യരാഷ്ട്രസഭയിലെ ജനറൽ അസംബ്ലിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് അദ്ദേഹം പങ്കെടുത്തു. ഡബ്ലിൻ, ഇസ്താംബൂൾ, മനില, കാഠ്മണ്ഡു എന്നിവിടങ്ങളിൽവച്ചു നടന്ന നിരവധി സെമിനാറുകളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

കോളേജധ്യാപികയായ സുഗതയാണ് ശങ്കറിന്റെ ഭാര്യ. മകൻ സിദ്ധാർത്ഥ്. എത്ര തിരക്കിനിടയിലും സ്വരലയയുടെയും ചലച്ചിത്രയുടെയും പരിപാടികളിൽ അദ്ദേഹം സജീവമാണ്. ജോലി സംബന്ധമായ വെല്ലുവിളികൾ ഇഷ്ടപ്പെടുന്നുവെങ്കിലും സിനിമയും സംഗീതവും സാഹിത്യവുമാണ് തന്നെ ഈവിധം നിലനിർത്തുന്നതെന്ന് അദ്ദേഹം പറയുന്നു.